പുതുതായി ആരംഭിക്കുകയും അപ്ഗ്രേഡ് ചെയ്യുകയും ചെയ്ത വിദ്യാലയങ്ങൾ

150 (2869) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്കൂൾ എന്നീ മേഖലകളിലായി എത്ര സ്കൂളുകൾ പുതുതായി അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്തിട്ടുണ്ട് ; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം എത്ര കുട്ടികൾക്ക് ലഭിച്ചു ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺ എയ്ഡഡ് മേഖലകളിൽ എത്ര പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നിവ അനുവദിച്ചിട്ടുണ്ട് ; അവ ഏതെന്ന് വ്യക്തമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ഇതിന്റെ പ്രയോജനം എത്ര കുട്ടികൾക്ക് കിട്ടി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ പത്ത് ഹൈസ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2 അപ്പർ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*

(ബി) സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാകാത്തതിനാൽ കണക്ക് ലഭ്യമല്ല.

(സി) അൺ എയ്ഡഡ് മേഖലയിൽ ഇപ്പോൾ നിലവിലുള്ള ചില സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും ചില സ്കൂളുകളിൽ തൊട്ടടുത്ത ഒരു സ്റ്റാൻഡേർഡ് കൂടി അനുവദിക്കുന്നതിനുമുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തിമ നടപടികൾ പൂർത്തിയായാലേ സ്കൂളുകളുടെ എണ്ണം ലഭ്യമാകൂ.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂൾ വിദ്യാർത്ഥികളുടെ കണക്കെടുപ്പ്

151 (2870) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികളുടെ കണക്കെടുക്കൽ പൂർത്തിയായോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly